"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പൂവാർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി. സിന്ധുവിന് വെള്ളറട ഗ്രാമപഞ്ചായത്തിൽ ടിയാളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1957/2025/LSGD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.2808/2022/തസ്വഭവ തീയതി 15/11/2022
2. സംസ്ഥാന ഭിന്നശേഷി കമ്മീഷന്റെ 08/05/2025 ലെ ഒപി(ആർ.പി.ഡബ്ല്യു.ഡി)നം.4935/എസ്2/2024 നമ്പർ ഉത്തരവ്
3. പൂവാർ ഗ്രാമപഞ്ചായത്തിന്റെ 24/05/2025 ലെ സാധാരണ ഭരണസമിതിയോഗത്തിലെ 05/01 നമ്പർ തീരുമാനം
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/06/2025 ലെ എൽ.എം5/2430/2022 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിലെ കിഴങ്ങുവിള വീട്ടിൽ ശ്രീമതി. സിന്ധു എസ്, ഭർത്താവ് ശ്രീ. ശശി കെ, കുട്ടികളായ കുമാരി ശ്രീക്കുട്ടി, കുമാരി ശ്രീലക്ഷ്മി, ശ്രീകുട്ടൻ എന്നീ അഞ്ചുപേരും ഭിന്നശേഷിക്കാരാണ്. സ്വന്തമായി വീടില്ലാത്ത ടി കുടുംബം സർക്കാരിന്റെ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനം അനുവദിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടും, വിവിധ സാങ്കേതിക കാരണങ്ങളാൽ ഭിന്നശേഷി അവകാശ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാകാത്തതിനാൽ, സംസ്ഥാന ഭിന്നശേഷി കമ്മീഷണർക്ക് ഹർജ്ജി നൽകിയിരുന്നു. നിലവിലെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായതിനാലും ഹർജ്ജിക്കാരിയും ഭർത്താവിനും ജോലിചെയ്ത് ജീവിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമായതിനാലും ക്ലേശഘടകങ്ങളുള്ള നിരവധി പേർ ഒന്നിച്ച് വസിക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വമായ സാഹചര്യം വിലയിരുത്തുമ്പോൾ വാസയോഗ്യമായ വീട് എന്നത് അത്യന്താപേക്ഷിതമായ വസ്തുതയാണെന്നും, പ്രസ്തുത സവിശേഷ സാധ്യതകൾ പരിഗണിച്ച്

ഹർജ്ജിക്കാരിയുടെ പുതിയ റേഷൻ കാർഡിന്മേൽ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകുന്നതിന് പരാമർശം 2 പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൂവാർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. സിന്ധുവിന് വെള്ളറട ഗ്രാമപഞ്ചായത്തിൽ ടിയാളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിനായി ലൈഫ് പദ്ധതി പ്രകാരം ധനസഹായം അനവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 3,4 പ്രകാരം യഥാക്രമം പൂവാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ശിപാർശ ചെയ്തു.

3. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിലെ കിഴങ്ങുവിള വീട്ടിൽ ശ്രീമതി. സിന്ധു എസ്-ന് വെള്ളറട ഗ്രാമപഞ്ചായത്തിൽ വീട് നിർമ്മിക്കുന്നതിനായി, അർഹമായ ക്ലേശ ഘടകങ്ങൾ പരിഗണിച്ച് മുൻഗണന നൽകി, പൂവാർ ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി, പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വെള്ളടറ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

സെക്രട്ടറി, പൂവാർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി സിന്ധു (സെക്രട്ടറി, വെള്ളടറ ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 06-08-2025 16:12:31

സെക്ഷൻ ഓഫീസർ